**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3077 11.12.2014-ൽ മറുപടിയ്ക്ക്

## പീരുമേട് താലൂക്കിലെ പട്ടയ വിതരണം

ചോദ്യം
ശ്രീമതി.ഇ.എസ്.ബിജിമോൾ

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പീരുമേട് താലൂക്കിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തു; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പീരുമേട് താലൂക്കിൽ 740 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. |
| (ബി) | അയ്യപ്പൻകാവിൽ, ചക്കുപള്ളം വില്ലേജുകളിൽ എത്ര പട്ടയം വിതരണം ചെയ്തു; | അയ്യപ്പൻ കോവിൽ വില്ലേജിൽ 1993 റൂൾ പ്രകാരം 430 പട്ടയങ്ങളും, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 25 പട്ടയങ്ങളും വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | പീരുമേട് താലൂക്കിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | പീരുമേട് താലൂക്കിൽ പട്ടയം ലഭിക്കുന്നതിനു വേണ്ടി 1993 റൂൾ പ്രകാരം 663 അപേക്ഷകളും, 1964 റൂൾ പ്രകാരം 6,792 അപേക്ഷകളും, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 3,547 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. |
| (ഡി) | പട്ടയം നല്കുന്നതിനുവേണ്ടി പീരുമേട്ടിൽ Land Assignment ഓഫീസ് തുറക്കുവാൻ നടപടി സ്വീകരിക്കുമോ? | നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. |

C.K.V. Kumar

**സെക്ഷൻ ഓഫീസർ**